# ചരിത്രപുസ്തകങ്ങൾ വാളുകൊണ്ടെഴുതുമ്പോൾ

**വി.എച്ച്.ദിരാർ**

ഇന്ത്യയുടെ ചരിത്രപുസ്തകത്തിൽ ഒരുപാട് ചേറും ചെളിയുമുണ്ടെന്നാണ് സംഘപരിവാറിന്റെ കണ്ടെത്തൽ. ഹിന്ദുരാജാക്കന്മാരെ അപമാനിക്കുകയും മുസ്ലീം രാജാക്കന്മാരെ പ്രകീർത്തിക്കുകയും ചെയ്യുന്ന ചരിത്രപാഠങ്ങളെ കുഴിച്ചുമൂടുമെന്ന് അവർ. 'അക്ബറിനെ മഹാനായി ചിത്രീകരിക്കാമെങ്കിൽ എന്തുകൊണ്ട് മഹാറാണാ പ്രതാപിനെ ഒരു വലിയ പോരാളിയായും രാജ്യസ്നേഹിയായും പോരാളിയായും ചിത്രീകരിച്ചുകൂടാ' എന്നാണ് ഉത്തർപ്രദേശിലെ അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള സഹമന്ത്രി രവീന്ദ്രശുക്ല ചോദിക്കുന്നത്.


പ്രൈമറി ക്ലാസ് മുതലുള്ള ഇരുപതാഞ്ചോളം ചരിത്രപുസ്തകങ്ങൾ തിരുത്തിയെഴുതാനാണ് ഇപ്പോൾ പരിപാടിയിട്ടിരിക്കുന്നത്. അതിനുവേണ്ടി എഴുത്തുകാരുടെ ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ, 'ശരിയായ ഇന്ത്യൻ ചരിത്രം' ഉൾക്കൊള്ളുന്ന ജില്ലാതല ഗസറ്റിയറുകൾ ഉണ്ടാക്കുന്നതിന് 'അഖിലഭാരതീയം ഇതിഹാസ് സങ്കലൻ യോജന' എന്നൊരു പദ്ധതിയും സംഘപരിവാർ ആവിഷ്കരിച്ചിട്ടുണ്ട്. മുസ്ലീമുകളും ബ്രിട്ടീഷുകാരും കമ്യൂണിസ്റ്റുകാരും വികലപ്പെടുത്തിയ ഇന്ത്യാ ചരിത്രത്തിന്റെ വളവും തിരിവും ഇതോടെ തീരുമെന്നാണ് അവരുടെ പ്രതീക്ഷ.

പുതിയ ചരിത്രം രക്ഷിക്കാനുള്ള സംഘപരിവാറിന്റെ വിഭവശേഖരങ്ങൾ കനപ്പെട്ടതുതന്നെയാണ്. മഹാഭാരതം, രാമായണം, പുരാണഗ്രന്ഥങ്ങൾ, വേദസാഹിത്യങ്ങൾ, രാജതരംഗിണി, കാദംബരി തുടങ്ങിയവയെല്ലാം ഇതിനുവേണ്ടി ഉപയോഗപ്പെടുത്തും. ആവശ്യമായ അളവിൽ മേമ്പൊടിയായി ജൈനബൗദ്ധഗ്രന്ഥങ്ങളും.

ചരിത്രം മുഴുവൻ ഇപ്രകാരം വിഭാഗീയമായി നോക്കിക്കാണുകയെന്നത് വളരെ ശ്രമകരമായ ഒരു ജോലിയാണ്. എല്ലാ സാഹചര്യത്തിലും ഹിന്ദുക്കളല്ലാത്തവരെ പ്രതിക്കൂട്ടിലാക്കേണ്ടതുണ്ട്. ഹിന്ദുരാജാക്കന്മാരുടെ മുഖത്ത് ഒരുപാട് മിനുക്കുപണികളും ചെയ്യേണ്ടതുണ്ട്.

ഈ നിലയിൽ 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെ എങ്ങനെയാണ് സംഘപരിവാർ വിലയിരുത്തുക. മുസ്ലീമുകളും ഹിന്ദുക്കളും തോളോടുതോൾ ചേർന്ന് നടത്തിയ ഈ ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽനിന്ന് മുസ്ലീം സാന്നിധ്യത്തെ എങ്ങനെ കിള്ളിക്കളയും. നാറിക്ക് ഒറ്റുകാരുടെ മുഖച്ഛായയെങ്കിലും നല്കേണ്ടേ. സ്വാതന്ത്ര്യ സമര ചരിത്രത്തിലും ഇതുപോലെ ഒരു പാട് ക്രിക്രിയകൾ വേണ്ടിവരും.

രാജാക്കൻമാരെ അവരവരുടെ മതത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്താൻ ഒരുപാട് കഷ്ടപ്പെടേണ്ടിവരും. അധികാരമായിരുന്നു അവരുടെ മതം. അത് സ്ഥാപിക്കാനോ വിപുലീകരിക്കാനോ സ്വന്തം മതത്തിൽപ്പെട്ടവരെയും അവർ വകവരുത്തിയിട്ടുണ്ട്. ഔറംഗസീബ് സ്വന്തം സഹോദരന്മാരായ ദാരാ, മുറാദ്, ഷുജ എന്നിവരെ വധിക്കുകയും പിതാവിനെ തടവിലാക്കുകയുംചെയ്തത് ഏത് മതം സംരക്ഷിക്കാനാണ്. എന്നാൽ ചരിത്രത്തിൽ ശിവജിക്കെതിരേ നിഷ്കരുണം അടരാടിയ ഔറംഗസീബിനെ മാത്രമേ കാണുകയുള്ളൂ. ഹിന്ദുതാത്പര്യങ്ങളുടെ പരിരക്ഷകനായി ശിവജിയും മുസ്ലീം താത്പര്യങ്ങളുടെ സംരക്ഷകനായി ഔറംഗസീബും ചിത്രീകരിക്കപ്പെടുകയുംചെയ്തു.



**ഔറംഗസീബിനെ ഒരു ക്ഷേത്രധ്വംസകനായി ചിത്രീകരിക്കുന്നതിൽ ശിവസേനയും സംഘപരിവാറും വിജയിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഹിന്ദു ക്ഷേത്രങ്ങൾ മാത്രമല്ല, മുസ്ലീം പള്ളികളും തകർത്തിട്ടുണ്ട്. ഗോൽക്കണ്ടയിലെ ജുമാമസ്ജിദ് അദ്ദേഹം പൊളിച്ചുകളഞ്ഞു. അതേസമയം ചിത്രകൂടക്ഷേത്രം അദ്ദേഹം നിർമ്മിച്ചതാണ്.**

ശിവജിയുടെ പക്ഷത്ത് ഹിന്ദുക്കൾ മാത്രമല്ല, ധാരാളം പത്താൻ മുസ്ലീമുകളും അണിനിരുന്നിരുന്നു. ഔറംഗസീബിന്റെ പക്ഷത്ത് രജപുത്രന്മാരും. ഔറംഗസീബിന്റെ ഏറ്റവും അടുത്ത വിശ്വസ്തൻപോലും രജപുത്ര രാജാവായിരുന്നു; ജയ്പൂർ ഭരിച്ചിരുന്ന മിർസാ രാജാ ജയ്സിംഗ്. അതേസമയം, ശിവജിയുടെ സ്വകാര്യ സെക്രട്ടറി മുസ്ലീമായിരുന്നു; മൗലവി ഹൈദർ അലിഖാൻ. ശിവജിയുടെ പ്രധാന അംഗരക്ഷകനാകട്ടെ സിദ്ദിക് ഇബ്രാഹിം എന്നൊരു മുസ്ലീമായിരുന്നു. ബിജാപ്പൂർ സുൽത്താനായ റുസ്തംസമാൻ ശിവജിയുടെ അടുത്ത സുഹൃത്തുമായിരുന്നു.

ആദിൽഷായുടെ പിടിയിൽനിന്ന് ശിവജിയെ രക്ഷപ്പെടുത്തിയത് ഈ സുൽത്താനായിരുന്നു. അതുപോലെ, ശിവജിയെ കൊല്ലാൻ ഔറംഗസീബ് മുതിർന്നപ്പോൾ അത് തടഞ്ഞത് അദ്ദേഹത്തിന്റെ ഭാര്യയും ജാഫർഖാനും അമീർഖാനുമായിരുന്നു. എന്നാൽ രജപുത്രനായ ജസ്വന്ത്സിംഗ് ശിവജിയെ കൊല്ലാൻ ഔറംഗസീബിനെ ഉപയോഗിക്കുകയാണ് ചെയ്തത്.

ഔറംഗസീബിനെ ഒരു ക്ഷേത്രധ്വംസകനായി ചിത്രീകരിക്കുന്നതിൽ ശിവസേനയും സംഘപരിവാറും വിജയിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹം ഹിന്ദുക്ഷേത്രങ്ങൾ മാത്രമല്ല, മുസ്ലീം പള്ളികളും തകർത്തിട്ടുണ്ട്. ഗോൽക്കണ്ടയിലെ ജുമാമസ്ജിദ് അദ്ദേഹം പൊളിച്ചുകളഞ്ഞു. മധുരയിലെ കൃഷ്ണഭൂമി ക്ഷേത്രവും അദ്ദേഹം തകർത്തുകളഞ്ഞതാണ്. അതേസമയം ചിത്രകൂടക്ഷേത്രം അദ്ദേഹം നിർമിച്ചതാണ്. ധാരാളം ക്ഷേത്രങ്ങൾക്ക് ആവശ്യമായ ഭൂസ്വത്തും അദ്ദേഹം ദാനംചെയ്തിട്ടുണ്ട്. കൃഷ്ണവിഗ്രഹത്തിൽ ചാർത്താൻ അമൂല്യമായ ധാരാളം ആഭരണങ്ങളും അദ്ദേഹം നല്കിയിരുന്നു.

ബാബറെ ഇന്ത്യയിലേക്ക് ക്ഷണിച്ചുകൊണ്ടുവന്നത് ഹിന്ദു രാജാവാണ്. ബാബർ തോല്പിച്ച ശക്തനായ രാജാവ് മുസ്ലീമായ ഇബ്രാഹിം ലോദിയായിരുന്നു. ഹുമയൂണും ഷേർഷയുമായി നടത്തിയ യുദ്ധങ്ങളെ എങ്ങനെ മതത്തിന്റെ കണക്കിൽപ്പെടുത്തും. അക്ബർ ഹള്ളിഗട്ടി ആക്രമിച്ചപ്പോൾ അദ്ദേഹത്തിന്റെ സൈന്യത്തിന് നേതൃത്വം നല്കിയത് രാജാ മാൻസിംഗ് ആണ്. അതേസമയം ശത്രുരാജാവായ റാണാ പ്രതാപിന്റെ സൈന്യത്തിന് നേതൃത്വം നല്കിയത് ഒരു പഠാൻ മുസ്ലീമായ ഹഖിം ഖാൻ സൂർ ആണ്.

അധികാരത്തിനുവേണ്ടി പരസ്പരം പൊരുതുന്നതും കണ്ണിൽക്കണ്ടതെല്ലാം തകർക്കുന്നതും രാജകീയ കാലഘട്ടത്തിൽ സർവസാധാരണമാണ്. ഹിന്ദുരാജാക്കന്മാർ തന്നെ എത്രയോ ഹിന്ദു, ജൈന, ബൗദ്ധക്ഷേത്രങ്ങൾ തകർത്തിരിക്കുന്നു; ലോക വിസ്മയങ്ങളായ ഒരുപാട് ക്ഷേത്രങ്ങൾ നിർമിച്ച കൂട്ടത്തിൽതന്നെ. ചരിത്രാനുഭവങ്ങളെ സംഘപരിവാർ എങ്ങനെയാണ് നോക്കിക്കാണുന്നത്? ഇന്നലെ രാജാക്കന്മാർ അധികാരത്തിനുവേണ്ടി ചെയ്തത് ഇന്ന് സംഘപരിവാർ ചെയ്യുന്നു.